ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/SPC(2)/95/2011-12** **Dated: 24.01.2012**

# സർക്കുലർ

വിഷയം : നിരന്തര മൂല്യനിർണയം-2011-12-മോണിറ്ററിംഗ്-മാർഗരേഖ പുപ്പെടുവിക്കുന്നത് സംബന്ധിച്ച്.

അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ തന്നെ തുടർ മൂല്യ നിർണയത്തിന്റെ മോണിറ്ററിംഗിനായി അധ്യാപകരുടെ ടീമുകൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം രൂപീകരിക്കപ്പെട്ട ടീമംഗങ്ങൾ 2012 ഫെബ്രുവരി 2നും 8നും ഇടയിൽ സ്കൂളുകൾ സന്ദർശിച്ച് മോണിറ്ററിംഗ് പ്രക്രീയ പൂർത്തികരിക്കേണ്ടതാണ്.

രണ്ടധ്യാപകരടങ്ങുന്ന ഒരു ടീമായിരിക്കും ഒരു സ്കൂളിൽ മോണിറ്ററിംഗ് നടത്തുക. അഞ്ചുദിവസത്തിൽ കൂടുതൽ മാത്യ സ്ക്കൂളിൽ നിന്നും വിട്ടുനിൽക്കേണ്ടിവരാത്ത വിധത്തിലായിരിക്കണം അധ്യാപകർ മോണിറ്ററിംഗ് നടത്തേണ്ടത്.

സബ്ജക്ട് കൺവീനർമാർ മോണിറ്ററിംഗ് ടീമിന്റെ ലിസ്റ്റ് ബന്ധപ്പെട്ട റീജിണൽ ഡപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാകോ-ഓർഡിനേറ്റർമാർക്കും നൽകേണ്ടതാണ്.

സന്ദർശനദിവസം തന്നെ നിരന്തര മൂല്യനിർണയത്തിന്റെ സ്കോറുകൾ ബന്ധപ്പെട്ട അധ്യാപകന്റേയും പ്രിൻസിപ്പാളിന്റേയും ഒപ്പോടുകൂടി മോണിറ്ററിംഗ് ടീമംഗങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. മോണിറ്ററിംഗിനുശേഷം സ്കോറുകളിൽ യാതൊരുവിധ മാറ്റങ്ങളും വരുത്തുവാൻ പാടുള്ളതല്ല.

മോണിറ്ററിംഗിനുശേഷം അംഗീകരിക്കപ്പെട്ട സ്കോറുകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഫെബ്രുവരി 10ന് ഡയറക്ട്രേറ്റിലേക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്. പ്രസിദ്ധീകരിക്കപ്പെട്ട സി.ഇ സ്കോറുകളിൻമേലുള്ള വിദ്യാർത്ഥികളുടെ പരാധികൾ പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട ആർ.ഡി.ഡി യ്ക്ക് തുടർ നടപടിക്കായി അയച്ചുകൊടുക്കേണ്ടതാണ്.

മോണിറ്ററിംഗ് അംഗങ്ങൾക്ക് അത ത് പ്രിൻസിപ്പൽമാർ ഹാജർ സർട്ടിഫിക്കറ്റിന്റെ രണ്ടുകോപ്പികൾ വീതം നൽകേണ്ടതും അവയിൽ ഒന്ന് സ്ക്കൂളിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തേത് ബില്ലിനോടൊപ്പം ബന്ധപ്പെട്ട ആർ.ഡി.ഡി യ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് **ഡയറക്ടർ**
**(അക്കാഡമിക്)**